**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2850** — 10.05.2017 ൽ മറുപടിക്ക്

## *ആധാർ കാർഡ് നിർബന്ധമാക്കുന്നതിനെതിരെ നടപടി*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ.ശശി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ആധാർ കാർഡ് സ്വതാല്പര്യപ്രകാരം എടുക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച് മുമ്പുള്ള വിധി നിലനില്ക്കുമെന്നുമുള്ള, സുപ്രീം കോടതിയിലെ ബഹു. ന്യായാധിപരായ എ.കെ.സിക്രി, അശോക് ഭൂഷൺ എന്നിവരടങ്ങുന്ന ബെഞ്ചിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) ഇല്ല. ആധാർ, പാൻ കാർഡ് ബന്ധിപ്പിക്കലിനെ സംബന്ധിച്ചുള്ള കേസ് ബഹു. സുപ്രീം കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. |
| (ബി) ആധാർ ആക്റ്റ് പ്രകാരം പൗരൻ ആധാർ സ്വതാല്പര്യപ്രകാരം എടുക്കേണ്ടതാണെന്നിരിക്കെ, ഇൻകം ടാക്സ് ആക്റ്റ് പ്രകാരം സർക്കാർ ജീവനക്കാരോടും പെൻഷൻകാരോടും റിട്ടേൺ സമർപ്പിക്കാനായി ആധാർ കാർഡ് സമർപ്പിക്കണമെന്ന നിർബന്ധമുന്നയിക്കുന്നത് സുപ്രീം കോടതി വിധിക്കെതിരാകുമെന്നതിനാൽ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ഇതു നിർബന്ധമാക്കുന്നതു തടയുവാൻ നടപടികൾ സ്വീകരിക്കുമോ; | |
| (സി) തുച്ഛമായ പെൻഷൻ വാങ്ങുന്ന സാമൂഹ്യപെൻഷൻകാരും ആധാർ സമർപ്പിക്കണമെന്ന നിബന്ധന പ്രസ്തുത കോടതി വിധിക്കു മുൻപ് സംസ്ഥാനത്തു നടപ്പിലാക്കിയിരുന്നത് റദ്ദാക്കാനും അതുവഴി സുപ്രീം കോടതി വിധി നടപ്പാക്കാനുമായി സ്വീകരിക്കുന്ന അടിയന്തര നടപടികൾ വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ നിർബന്ധമായും ആധാർ സമർപ്പിക്കണമെന്ന നിർദ്ദേശം നിലവിലില്ല. ഗുണഭോക്താവിന്റെ തിരിച്ചറിയൽ രേഖയായി ആധാർ അല്ലെങ്കിൽ മറ്റൊരു തിരിച്ചറിയൽ രേഖ സമർപ്പിക്കാവുന്നതാണ്. |

Sanchalan

സെക്ഷൻ ഓഫീസർ